# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3691

15/07/2015-ലെ
മറുപടിയ്ക്ക്

## പട്ടികജാതിക്കാരുടെ സ്വയം തൊഴിൽ സംരംഭം

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതിക്കാരുടെ സ്വയം തൊഴിൽ സംരംഭത്തിനായി വകുപ്പും പൗൾട്രി വികസന കോർപ്പറേഷനും തമ്മിൽ ധാരണാ പത്രം ഒപ്പുവച്ച പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ: | (എ) | പട്ടികജാതിക്കാരുടെ സ്വയം തൊഴിൽ സംരംഭത്തിനായി വകുപ്പും പൗൾട്രി വികസന കോർപ്പറേഷനും തമ്മിൽ ധാരണാ പത്രം ഒപ്പുവച്ച പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് 2011 സാമ്പത്തിക വർഷം 2,80,08,000/- രൂപ അനുവദിക്കുകയും മേൽ തുക ഡി.ഡി.യായി കെപ്കോ എം.ഡി കൈപ്പറ്റുകയും ചെയ്തിരുന്നു. എന്നാൽ ലേബർ ചാർജ്, മെറ്റീരിയൽ ചാർജ് എന്നിവയിൽ ഉണ്ടായ വർദ്ധനവ് കാരണം അനുവദിച്ച തുക കൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്നും യൂണിറ്റുകളുടെ എണ്ണം 51 ആയി കുറയ്ക്കുകയോ അധിക തുക അനുവദിക്കുകയോ ചെയ്യണമെന്ന് കെപ്കോ ആവശ്യപ്പെടുകയും ചെയ്തു. ആയതു പ്രകാരം കെപ്കോയ്ക്ക് അനുവദിച്ച തുകയും അതിന്റെ പലിശയും ഉൾപ്പെടുത്തി 3,27,41,000/- തുകയ്ക്കുള്ള പുതുക്കിയ പ്രൊപ്പോസൽ അംഗീകരിക്കുകയും പ്രോജക്ട് അടിയന്തിരമായി ആരംഭിക്കുന്നതിന് കെപ്കോ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത്; എത്ര രൂപയുടേതാണ് പദ്ധതി; | (ബി), (സി) & (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് 2011 സാമ്പത്തിക വർഷം 2,80,08,000/- രൂപ അനുവദിക്കുകയും 25.05.2011 ന് മേൽ തുക ഡി.ഡി.യായി കെപ്കോ എം.ഡി കൈപ്പറ്റുകയും ചെയ്തിരുന്നു. എന്നാൽ ലേബർ ചാർജ്, മെറ്റീരിയൽ ചാർജ് എന്നിവയിൽ ഉണ്ടായ വർദ്ധനവ് കാരണം അനുവദിച്ച തുക കൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്നും യൂണിറ്റുകളുടെ എണ്ണം 51 ആയി കുറയ്ക്കുകയോ അധിക |
| (സി) | പദ്ധതി തുക മുഴുവൻ കോർപ്പറേഷന് എന്നാണ് കൈമാറിയത്; | | |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയുടെ നിലവിലെ അവസ്ഥയും എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നു ള്ളതും വ്യക്തമാക്കുമോ? | | തുക അനുവദിക്കുകയോ ചെയ്യണമെന്ന് കെപ്കോ ശുപാർശ ചെയ്യുകയും ആയതു പ്രകാരം കെപ്കോയ്ക്ക് അനുവദിച്ച തുകയും ആയതിന്റെ പലിശയും ഉൾപ്പെടുത്തി 3,27,41,000/- തുകയ്ക്കുള്ള പുതുക്കിയ പ്രൊപ്പോസൽ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും G.O(Rt)No. 218/15/SCSTDD തീയതി 09/02/15 പ്രകാരം ആയതിന് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് അടിയന്തിരമായി ആരംഭിക്കുന്നതിന് കെപ്കോ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Bala K.T

സെക്ഷൻ ഓഫീസർ